പെൻഷൻ വയസ് ഉയർത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

പെൻഷൻപ്രായം ഉയർത്തുന്നതിനുള്ള ആലോചനകളൊന്നും (തൽക്കാലം) ഗവൺമെന്റിന്റെ പരിഗണനയിലില്ല.

സ്വകാര്യമേഖലയിൽ ജില്ലാ ആസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന വിമാന സർവ്വീസുകൾ

369. [553] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിൽ വിവിധജില്ലാ ആസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന വിമാന സർവ്വീസ് തുടങ്ങാനുള്ള അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ പറയാമോ ;

(സി) ഇത്തരം ഒരു സർവ്വീസ് കെ. ടി. ഡി. സി. യെ കൊണ്ട് നടത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്പോൾ അങ്ങനെ യാതൊരു നിർദ്ദേശവും ഗവൺമെന്റിന്റെ പരിഗണനയിലില്ല.

അർണ്ണോസ് പാതിരി

370. [554] ശ്രീ ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർണ്ണോസ് പാതിരിയെ ആർഷഭാരത സംസ്കാരത്തിന്റെ വിദേശങ്ങളിലെ പ്രഥമപ്രചാരകനായി പ്രഖ്യാപിക്കുക, യൂറോപ്പിൽ പ്രസിദ്ധം ചെയ്ത സംസ്കൃത വ്യാകരണം കേരളത്തിൽ ലഭ്യമാക്കുക, തലസ്ഥാനത്ത് പാതിരിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം വേലൂരിലെ ഒരു സംഘം യുവാക്കൾ ബഹുമാനപ്പെട്ട ഗവർണർക്ക് അടുത്ത കാലത്ത് നൽകിയത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടികൾ എടുത്തു ?

ഉത്തരം

(എ) സംസ്ഥാന മന്ത്രിമാർക്ക് ഒരു നിവേദനം കിട്ടിയിട്ടുണ്ട് ;

(ബി) നിവേദനത്തിന്റെ പകർപ്പ് കേരളത്തിലെ സർവ്വകലാശാലകൾക്കും സംസ്കൃത സർവ്വകലാശാല സ്പെഷ്യൽ ആഫീസർക്കും ആവശ്യമായ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly